ഉത്തരം

മത്സ്യബന്ധന തുറമുഖ വകുപ്പുകൾ മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി നിലവിൽ ഏറ്റെടുത്തിരിക്കുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഡോ. മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ

128 (2947) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഡോ. മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതെന്ന കേരളത്തിന്റെ ആവശ്യത്തിന്മേൽ കേന്ദ്രസർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

ഡോ. മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കിയാൽ കേരളത്തിലെ മത്സ്യത്തൊഴിലാളികളെ അത് പ്രതികൂലമായി ബാധിക്കും എന്നതിനാൽ ടി ശിപാർശകൾ തള്ളിക്കളയണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച ഔദ്യോഗിക അറിയിപ്പുകൾ ഒന്നുംതന്നെ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല.

പോള നിർമ്മാർജ്ജനം

129 (2948) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിലെ തോടുകളിലും ആറുകളിലും പോള നിറഞ്ഞ് അതിരൂക്ഷമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഫിർമ മുഖാന്തിരം നേരത്തെ കുട്ടനാട്ടിൽ നടപ്പിലാക്കിയിരുന്നതുപോലെ പോള നിർമ്മാർജ്ജനം നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദവിവരം വ്യക്തമാക്കുമോ ;

(സി) പോളനിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതി പുനരാരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) കട്ടനാട് പാക്കേജിൻ പ്രകാരമാണ് 'ഫിർമ' മുഖേന ഇതിനുമുമ്പ് പോളവാരൽ നടപ്പാക്കിയിരുന്നത്. പാക്കേജിന്റെ കാലാവധി അവസാനിച്ചതിനാൽ പോളവാരൽ പുനരാരംഭിക്കുന്നതിന് ഫിഷറീസ് വകുപ്പിന് ഫണ്ട് ലഭ്യമല്ല.

കേരള അക്വേറിയം റിഫോംസ് ആക്ട്

130 (2949) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച കേരള അക്വേറിയം റിഫോംസ് ആക്ടിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; വ്യക്ത മാക്കാമോ ;

(ബി) പ്രസ്തുത ആക്ടിന്റെ അംഗീകാരത്തിനായി ഈ സർക്കാർ സ്വീകരി ച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന വിശദമാക്കുമോ ?

ഉത്തരം

(എ) കേരള അക്വേറിയം റിഫോംസ് ആക്ടിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടില്ല.

(ബി) 2010-ൽ തയ്യാറാക്കിയ പ്രസ്തുത ബില്ലിന്റെ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

വനാമി ചെമ്മീൻ കൃഷി

131 (2950) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശത്ത് നിന്നും ഇറക്കുമതി ചെയ്ത വനാമി എന്ന ഇനം ചെമ്മീൻ കൃഷി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ ജില്ലകളിലാണ് പ്രാഥമികമായി പ്രസ്തുത ചെമ്മീൻ കൃഷി നടത്തിയതെന്നുള്ള വിശദാംശം അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly